✅ 1 . A , C

✅ 2 . A , C

✅ 3 . B , C

✅ 4 . B , C

✅ 5 . A , C

✅ **6** . # ടോട്ടോയും ജോവലും സ്കൂളിലെ മാതൃകാ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് നേടുന്നു.

# സമ്മാനമായി തങ്ങളുടെ സഹപാഠികൾക്ക് വീട്ടിൽ വച്ച് ഒരു പാർട്ടി കൊടുക്കണമെന്ന് അവർ ആവശ്യപ്പെടുന്നു.

✅ **7.** # ഭക്ഷണം പാകം ചെയ്യാനുള്ള സാധനങ്ങളെല്ലാം എത്തിച്ചപ്പോൾ കുടത്തിൽ വെള്ളം തനിയേ നി

റഞ്ഞു , അഗ്നി അഹങ്കാരമില്ലാതെ കത്തി.

# തേരലങ്കരിച്ചിരുന്ന പൂക്കൾ വാടിയിരിക്കുന്നത് കണ്ട് അവയെ തലോടിയപ്പോൾ അവയെല്ലാം പുതു പൂക്കളായി മാറി.

✅ **8.** # താൻ മുജ്ജന്മത്തിൽ കഥാകൃത്തായിരുന്നെന്നും തന്റെ കഥകൾ മലയാളത്തിലെ മികച്ച കഥകളാണെന്നഭിമാനിച്ചിരുന്നതുകൊണ്ടാണ് ഈ ജന്മത്തിൽ താൻ മേൽക്കൂര താങ്ങുന്ന ഗൗളിയായതെന്നും ആൺഗൗളി .

# തനിക്ക് മുൻജന്മത്തെക്കുറിച്ച് ഒരോർമയും ഇല്ലെന്ന് പെൺഗൗളിയുടെ ആത്മനിന്ദ. അതിന് ബോധോദയം ഉണ്ടാവണം, ബുദ്ധൻ ചെയ്തതുപോലെ ബോധിവൃക്ഷച്ചുവട്ടിൽ ധ്യാനത്തിലമരണം എന്ന് ആൺഗൗളി.

✅ **9.** # ആവാസ വ്യവസ്ഥ നഷ്ടമായിപ്പോയ കാട്ടാളന്റെ നെഞ്ചിലെ നീറ്റൽ.

# കാട്ടാളന്റെ കരളിൽ ചാട്ടുളിയായി തറയ്ക്കുന്ന പ്രകൃതിമാതാവിന്റെ ദയനീയമായ നിലവിളി.

# ഉരുൾപൊട്ടിയ മാമല പോലെ അലറിക്കൊണ്ട് അലകടലിൻ വേരു പറിക്കാൻ കുതറുന്ന കാട്ടാളന്റെ രൗദ്രഭാവം.

✅ **10 .** # കൊല്ലാങ്കണ്ടത്തിൽ ദേവസ്യയുടെ തലയിൽ ഒരു പെരുന്തൻ തേങ്ങ ഞെട്ടറ്റു വീണു.

# ദേവസ്യ മരിച്ചെന്ന് കരുതി നാരായണപിള്ള ഓടിയെത്തി.

# ഇത്രയും വലിയൊരു തേങ്ങ ഇത്ര പൊക്കത്തിൽ നിന്നും വീണിട്ടും താൻ മരിച്ചില്ലല്ലോ എന്നോർത്ത് ചിരി അടക്കാൻ കഴിയാത്ത ദേവസ്യ.

✅ 11 . # ഒരാൾക്ക് കപ്പലിലോ കാൽനടയായോ ലോകം ചുറ്റാൻ കഴിയും. എന്നാൽ, ജീവിതകാലം മുഴുവൻ ചെലവഴിച്ചാലും സൈബർ സ്പേസിന്റെ ഒരംശം പോലും കാണാൻ കഴിയില്ല.

# കമ്പ്യൂട്ടറിന് മുമ്പിൽ ഇരിക്കുമ്പോൾ ഇത്തരം ആലോചനകൾക്ക് സ്ഥാനമില്ലെന്നും കമ്പ്യൂട്ടർ തത്ത്വവിചാരങ്ങളുടെഘാതകനാണെന്നും ശ്രീധരൻതിരിച്ചറിയുന്നു.

🌺 ( 12 മുതൽ 21 വരെയുള്ള ചോദ്യങ്ങൾക്ക് അരപ്പു റത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം. - ഉത്തര സൂചനകൾ മാത്രമാണ് ഇവിടെ നൽകുന്നത്. ഈ പോയിന്റുകൾ ഉത്തരത്തിൽ ഉണ്ടാവേണ്ടതുണ്ട്. )

✅ 12 . *ദുഷ്ഷന്തന്റെ നിന്ദാവചനങ്ങൾ കേട്ട് അപമാനിതയാകുന്ന ശകുന്തളയുടെ പ്രതികരണമാണിത്

* നല്ലത് ഗ്രഹിക്കാൻ കഴിയാത്ത സജ്ജനങ്ങളെ നിന്ദിക്കുന്ന ദുഷ്ഷന്തന്റെ ആക്ഷേപ വാക്കുകളോടുള്ള പ്രതികരണം

* വാക്കുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും നല്ല മനുഷ്യരും തിന്മയുള്ള മനുഷ്യരും എങ്ങനെയെല്ലാം വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന ലോകതത്വങ്ങൾ

ഇവയെല്ലാം സൂചിപ്പിക്കണം

✅ 13 . * ഒളിഞ്ഞും തെളിഞ്ഞും ബാഹുകനെ നിരീക്ഷിച്ച് കേശിനി കണ്ടെത്തിയ കാര്യങ്ങളെക്കുറിച്ചുള്ള സൂചനകൾ ഉണ്ടാവണം.

* കളിമട്ടിലുള്ള സംസാരത്തിലൂടെ ബാഹുകൻ പുരുഷ രത്നമാണെന്നും ബുദ്ധിമാനാണെന്നും ദുഷ്ടനല്ലെന്നും കളവ് പറയുന്നവനല്ലെന്നും മനസ്സിലാക്കിയെടുത്തത്.

* ഒളിഞ്ഞു നിരീക്ഷിച്ചതിലൂടെ കണ്ടെത്തിയ ബാഹുകൻ ചെയ്ത വിചിത്ര കാഴ്ചകൾ

✅ 14 . * കുടുംബാന്തരീക്ഷത്തിൽ ശാരീരിക പീഡനത്തേക്കാൾ രൂക്ഷമാണ് മാനസികപീഡനം.

* പുരുഷന്റെ അകാരണമായ കുറ്റപ്പെടുത്തലുകൾ . ജാതകദോഷം എന്ന അന്ധവിശ്വാസം .

*വരികളിൽ ഒളിഞ്ഞിരിക്കുന്ന വിരുദ്ധോക്തി ഹാസ്യം.

* ഏറെ കുറ്റവും കുറവും ഉള്ള ഭർത്താവ് ശീലാവതിയെ കുറ്റപ്പെടുത്തുന്നതിലെ പരിഹാസ്യത

✅ 15 . * വെളിച്ചത്തെ ചതിവിനുള്ള ഉപാധിയാക്കി മാറ്റുന്നുള്ള കച്ചവടക്കാരുടെ വൈദഗ്ധ്യം

* കടകളിലെ വെളിച്ചത്തിന്റെ ധാരാളിത്തത്തിൽ ചതിക്കപ്പെടുന്ന ദിവാകരൻ.

* ദീപാലങ്കാരങ്ങളുടെ സ്വഭാവം വ്യത്യസ്തമായിരുന്നെങ്കിലും ഛായാപടങ്ങൾ സൂക്ഷിക്കുന്ന മുറികളിലെ വെട്ടത്തിന്റെ ഏകതാന സ്വഭാവം (ഒരേ പ്രകാശം ).

* കടകളിലെ വെളിച്ചം രാവുംപകലും എന്ന സ്വാഭാവികാവസ്ഥയെ ഇല്ലാതാക്കുന്നു.

* എല്ലാം തുറന്നു കാണിക്കുന്നു എന്ന വ്യാജേനയുള്ള കബളിപ്പിക്കൽ

✅ 16 . * മഴനീരിനായി കാത്തിരിക്കുന്ന വേഴാമ്പലിന്റെ ദൈന്യത കാട്ടാളനിൽ.

* പച്ചപ്പുകളെല്ലാം കരിഞ്ഞുപോയ മണ്ണിലാണ് കാട്ടാളൻ ഇരിക്കുന്നത്

* ആകാശം വിഷം കലർന്ന കടലായി അനുഭവപ്പെടുന്നു. മരണമടഞ്ഞ കരിമേഘങ്ങൾക്ക് മഴനീര് കൊണ്ടുവരാൻ ആവില്ലെന്ന തിരിച്ചറിവിൽ എത്തുന്നു.

* പ്രകൃതിരമണീയകതകളെല്ലാം നഷ്ടപ്പെട്ടത് തിരിച്ചറിയുന്നു.

✅ 17 . * ശുദ്ധീകരണത്തിന് ശേഷിയുള്ള സാധാരണ ജനങ്ങളുടെ പ്രതിനിധി

* തിരുത്തൽ ശക്തിയായ അടിസ്ഥാന വർഗ്ഗത്തിന്റെ പ്രതിനിധി ഒരു സ്ത്രീ തന്നെ ആകുന്നതിന്റെ ചരിത്ര നീതി

* അധികാരത്തിന്റെ അകത്തളങ്ങൾ ശുദ്ധമാക്കാൻ തന്റെ ആയുധങ്ങളുമായുള്ള വരവ്

* തന്റെ ജോലി എന്താണെന്നും അത് എങ്ങനെ ചെയ്യുമെന്നുമുള്ള ഉറച്ച ബോധ്യം

✅ 18 . * സച്ചിന്റെ വിടവാങ്ങൽ രംഗത്തിന്റെ വൈകാരികത

* തന്റെ വളർച്ചയിൽ പങ്കാളികളായ ഒരാളെയും വിട്ടുപോകാതെ എല്ലാവരെയും പരാമർശിച്ച് കൊണ്ടുള്ള സച്ചിന്റെ പ്രസംഗത്തിലെ ഹൃദയസ്പർശിത്വം

* ദീർഘമായ ഒരു പ്രസംഗം ആയിരുന്നെങ്കിലും അത് തീർന്നു പോകരുതേ എന്ന ലേഖകന്റെ ആഗ്രഹം

✅ 19 . *കലാമണ്ഡലത്തിലെ പഠന വേളയിൽ ഹൈദരലിയുടെ സമീപത്ത് ഇരിക്കാതെ സഹപാഠികൾ കാണിച്ച അയിത്തം

* മെസ്സിൽ കാണിച്ച അകലം.

✅ 20. * അധികാരത്തിന്റെ ഇടനാഴിയിലെ ഉപജാപകവൃന്ദം

* തങ്ങളാണ് കേമരെന്ന് സ്ഥാപിക്കാൻ പരസ്പരം നടത്തുന്ന അധികാരത്തർക്കം

* അധികാരിയെ നേർവഴിക്ക് നടത്തേണ്ടവരുടെ അധഃപതനം

* അധികാര വർഗ്ഗത്തോട് ചേർന്നുനിന്ന് അവരുടെ സ്തുതിപാഠകർ ആയി തങ്ങളുടെ ലാഭത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നവർ

✅ 21 . * ബദരിയെയും പരിസര പ്രദേശങ്ങളെയും ആണ് എസ് കെ പൊറ്റക്കാട് സൂചിപ്പിക്കുന്നത്

* ഋഷിവര്യന്മാരുടെയും ദാർശനികാചാര്യന്മാരുടെയും സാന്നിധ്യം

* വേദം, ഉപനിഷത്തുക്കൾ, ഇതിഹാസങ്ങൾ എന്നിവയുടെ രചനാ ഭൂമി

## 22 മുതൽ 32 വരെ ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ - 6 വീതം പ്രധാന പോയിന്റുകൾ മാത്രമാണ് ഇവിടെ നൽകുന്നത്. ഉത്തരമെഴുതുമ്പോൾ ഇവ ഉൾപ്പെടുത്തേണ്ടതുണ്ട്.

✅ 22 . * മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന തെരുവിൽ അച്ഛന്റെയും അമ്മയുടെയും ചിത്രങ്ങൾ തേടി ഏറെ പ്രതീക്ഷയോടെ എത്തിയതാണ് ദിവാകരൻ

* വേണ്ടപ്പെട്ടവരുടെ ചിത്രങ്ങൾ കണ്ടാൽ തിരിച്ചറിയാൻ കഴിയുമെന്ന് എന്താ ഉറപ്പ് -ഇത്തരത്തിൽ കച്ചവടക്കാരന്റെ ഭാഗത്ത് നിന്നുണ്ടായ ചോദ്യം, ദിവാകരന്റെ അന്വേഷണത്തെ കാര്യമായി ബാധിക്കുന്നതായി കാണാം

* പിന്നിട്ട അസംഖ്യം ഛായപടങ്ങളിലൊന്ന് അച്ഛന്റേതായിരുന്നില്ല എന്ന് എങ്ങനെ പറയാൻ പറ്റും എന്ന തരത്തിൽ ദിവാകരൻ ആകെ കുഴങ്ങി പോകുന്നുണ്ട്

* വേണ്ടപ്പെട്ടവരുടെ ചിത്രത്തിനായി ഉത്സാഹത്തോടെ എത്തിയ ദിവാകരൻ തനിക്കാവശ്യമുള്ള മുഖങ്ങൾ പോലും കുറേശ്ശെ മറന്നതായി കാണാം

* അവസാനം കയറിയ കടയിൽ നിന്ന് ഏതോ ഒരു വൃദ്ധന്റെ പടം തന്റെ അച്ഛന്റേത് എന്ന തരത്തിൽ വലിച്ചെടുത്തത് അയാളുടെ ആത്മവിശ്വാസം പോലും കെടുത്തുന്നു

ഈ ആശയങ്ങൾക്ക് പ്രാധാന്യം നൽകി വിശദീകരിക്കണം

✅ 23 . * ചിന്താശക്തി, ആശയ രൂപീകരണം, ഭാവനയുടെയും സർഗ്ഗാത്മകതയും വളർച്ച എല്ലാത്തിനും അടിസ്ഥാനം മാതൃഭാഷ തന്നെ.

* കാര്യങ്ങൾ പെട്ടെന്ന് ഗ്രഹിക്കാൻ ക്രിയാത്മകമാക്കാൻ മാതൃഭാഷയ്ക്ക് സാധിക്കും

* സർഗ്ഗാത്മക ഇടങ്ങളെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നത് മാതൃഭാഷയിലൂടെയാണ്.

* എല്ലാ വൈജ്ഞാനിക മേഖലകളെയും ഉൾക്കൊള്ളാൻ കഴിയുമെന്നതിനാൽ മാതൃഭാഷയിലൂടെ അവതരിപ്പിക്കുന്നത് ഉചിതമാണ്

* ശാസ്ത്ര വിഷയങ്ങൾ മാതൃഭാഷയിലൂടെ പകർന്നാൽ ശരിയായ ജ്ഞാനത്തിനും വേഗത്തിലുള്ള ചിന്തയ്ക്കും കാരണമാകും

✅ **24.** * ചുട്ടുചാമ്പലാക്കപ്പെട്ട തന്റെ ഇടത്തിൽ എല്ലാം നഷ്ടപ്പെട്ട് നിൽക്കുകയാണ് കാട്ടാളൻ

* ആകാശവും പ്രകൃതിയുമാകുന്ന അച്ഛനമ്മമാർ ചത്ത് ദഹിക്കുന്ന കാഴ്ചയാണ് അവൻ കാണുന്നത്

* തന്റെ പെണ്ണും മണ്ണും അവയവങ്ങൾ മുറിക്കപ്പെട്ട്, തീയാളുന്ന ശരീരമായി കൊടിയ പീഡനത്തിലൂടെ കടന്നുപോകുന്നു.

* കരിമേഘം ചത്തു കിടക്കുന്ന മാനം , പ്രതീക്ഷയുടെ ഒരു ചെറിയ തിരി പോലും നീട്ടുന്നില്ല.

* വെന്ത് വെണ്ണീറായി കിടക്കുന്ന ഭൂമിയെ പച്ചപ്പിലേയ്ക്ക് മടക്കികൊണ്ടുവരാൻ സാധിക്കുമോ എന്ന ചിന്ത കാട്ടാളനിൽ ഉണ്ട്

* ചുറ്റും മരണമാടുന്നയിടത്ത് കാവലാളായി , കടുനോവിൻ കോട്ടയിൽ അകപ്പെട്ടിരിക്കുകയാണ് ആ മനസ്സ്

✅ 25 . * രാജാവിന് വേണ്ടി ജനങ്ങളുടെ മുന്നിൽ വ്യാജ പ്രതിഛായ തീർക്കുന്ന അധികാര വർഗ്ഗ പ്രതിനിധിയാണ് വിദൂഷകൻ

* വിശപ്പ് പോലുള്ള ജനങ്ങളുടെ അടിസ്ഥാനാവശ്യങ്ങൾ മൂടിവയ്ക്കാനാണ് അധികാര കേന്ദ്രങ്ങളുടെ ശ്രമം

* വിശപ്പ് താണതരം കാര്യമാക്കി നിസ്സാരവത്ക്കരിക്കുന്നതിൽ നിന്നും ആ വാക്ക് അധികാര കേന്ദ്രങ്ങളെ എത്ര മാത്രം അസ്വസ്ഥമാക്കുന്നുവെന്ന് മനസ്സിലാക്കാം

* കേവല രാമനെ പോലുള്ള സാധാരണ പ്രജകൾക്ക് അധികാരത്തിന്റെ ഇടനാഴിയിൽ എന്ത് നടക്കുന്നുവെന്ന് അറിവില്ലായ്മയാണുള്ളത്

* എന്തും ചെയ്യാൻ അധികാരമുള്ളവർ ആപത്തിൽ പെടുത്തുമോ എന്ന ഭയം സാധാരണ ജനങ്ങളെ ഭരിക്കുന്നുണ്ട്

* അധികാരജീർണ്ണതയുടെ ദുർഗന്ധം അറിയുന്നുണ്ടെങ്കിലും ആത്മവിശ്വാസക്കുറവിന്റെയും എപ്പോൾ വേണമെങ്കിലും അപകടമുണ്ടാകാം എന്ന ഭയത്തിന്റെയും പിടിയിലാണ് കേവലരാമനെ പോലുള്ള സാധാരണക്കാർ

✅ 26. * എല്ലായിടത്തുമുള്ള കുട്ടികളുടെ ഒരു പൊതു സ്വഭാവമാണിത്.

* മറ്റ് കുട്ടികളെക്കാൾ നിശ്ചയദാർഢ്യമുള്ള മക്കളാണ് ടോട്ടോയും ജോവലുമെന്ന് അമ്മയ്ക്കറിയാം

* ഒരു കാര്യം നേടണമെന്നുറച്ചാൽ നേടി എടുക്കുക തന്നെ ചെയ്യും എന് മക്കളെ കുറിച്ച് അഭിമാനിക്കുന്നുണ്ട് അമ്മ

* അമ്മയ്ക്ക് തന്റെ മക്കളെ കുറിച്ച്, അവരുടെ കൃത്യമായ സ്വഭാവ രീതികളെ കുറിച്ച് തികഞ്ഞ ബോധമുണ്ട്

* സ്വന്തം മക്കളെ തിരിച്ചറിയാനും കുട്ടികളുടെ അഭിരുചി മനസിലാക്കാനും രക്ഷിതാവിന് കഴിയുന്നുണ്ട്

✅ 27. # ഋതുപർണ്ണനോടൊപ്പം തേരാളിയായി വന്നത് നളൻ തന്നെയാണെന്ന് ഉറപ്പ് വരുത്തുന്നതിനായി ദമയന്തി വിദഗ്ധയായ തോഴി കേശിനിയെ പറഞ്ഞയക്കുന്നു. കേശിനി ബാഹുകനെ നേരിൽ കണ്ടു സംസാരിക്കുകയും തുടർന്ന് ബാഹുകന്റെ പ്രവൃത്തികൾ ഒളിഞ്ഞു നിന്ന് നിരീക്ഷിക്കുകയും ചെയ്യുന്നു. ഈ വിവരങ്ങൾ കേശിനി ദമയന്തിയെ അറിയിക്കുന്നു.

# ദമയന്തിയുടെ മനസ്സിൽ ബാഹു കനോട് (നളനോട് ) അനുകൂലമായ ഭാവം ഉണ്ടാക്കാൻ കേശിനി ശ്രമിക്കുന്നു. നളൻ നിരപരാധിയാണ്. ഇനി അപരാധം ഉണ്ടെങ്കിൽ തന്നെയും കുലനാരിക്ക് കോപം വരരുത് എന്ന് പറയുന്നു.

# പൗരാണിക കാലം മുതൽ തന്നെ സ്ത്രീ എല്ലാം സഹിക്കേണ്ടവളും ക്ഷമിക്കേണ്ടവളും പൊറുക്കേണ്ടവളും ആണെന്ന ധാരണ പുലർത്തുന്നുണ്ട്. സ്ത്രീ ശാക്തീകരണമൊക്കെ നടക്കുന്ന ആധുനിക കാലത്തും അത്തരം യാഥാസ്ഥിതിക ചിന്ത പുലർത്തുന്നത് കാണാൻ കഴിയും. നമ്മുടെ പഴഞ്ചൊല്ലുകളും മറ്റും അത് ഉറപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്. അടക്കവും ഒതുക്കവും എല്ലാം കുടുംബത്തിൽ പിറന്ന സ്ത്രീക്ക് ഉണ്ടാകേണ്ട ഗുണങ്ങളാണ് തുടങ്ങിയ കാഴ്ചപ്പാടുകൾ സൂചിപ്പിക്കാം.

✅ 28 # ഗാന്ധർവ്വ വിധിപ്രകാരം തന്നെ വിവാഹം ചെയ്ത ദുഷ്ഷന്തന്റെ കൊട്ടാരത്തിലേക്ക് ശകുന്തള പുത്രനോടൊപ്പം എത്തിച്ചേരുന്നു. പൂർവ്വ ബന്ധം മറന്നുപോകയാൽ ദുഷ്ഷന്തൻ അവളെ കെട്ടവളെന്നു കരുതി

ആക്ഷേപിക്കുന്നു. ആത്മാഭിമാനത്തിന് മുറിവേറ്റ ശകുന്തള തന്റെ വ്യക്തിത്വം നിലനിർത്താൻ ശ്രമിക്കുന്നു. നിന്റെ ജന്മത്തെക്കാൾ ശ്രേഷ്ഠമാണ് എന്റെ ജന്മം എന്ന് ശകുന്തള ദുഷ്ഷന്തനോട് പറയുന്നു.

# നമ്മൾതമ്മിൽ മേരു പർവ്വതവും കടുകും തമ്മിലുള്ള അന്തരമുണ്ട്. ചിന്തിച്ചിടത്തോളം താങ്കൾ ഒട്ടും അറിവുള്ളവൻ അല്ലെന്നു തോന്നുന്നു. സ്വന്തം മുഖം കണ്ണാടിയിൽ കാണുന്നതുവരെ ഭംഗിയുള്ളതാണെന്ന് വിരൂപന്മാർ കരുതുന്നു. നിത്യവും തെളിഞ്ഞ ജലത്തിൽ കുളിച്ചാലും മദയാനയ്ക്ക് മണ്ണിൽ കുളിക്കുമ്പോഴേ സന്തോഷം ഉണ്ടാവൂ. ഇതുപോലെയാണ് ദുർജനങ്ങൾ . നല്ല ആളുകളെ  നിന്ദിക്കുമ്പോഴേ സന്തോഷം ഉണ്ടാകൂ.

#  സത്യധർമ്മങ്ങൾ വെടിഞ്ഞ പുരുഷനെ ക്രുദ്ധനായ സർപ്പത്തേക്കാൾ പേടിക്കണം. അത്തരക്കാരോട് ശുഭാശുഭ കാര്യങ്ങൾ പറഞ്ഞാൽ അശുഭം മാത്രമേ ഗ്രഹിക്കുകയുള്ളൂ. നല്ല ആളുകൾ ശുഭകാര്യങ്ങൾ ഗ്രഹിക്കും. പാലും വെള്ളവും കലർത്തി നൽകിയാൽ അരയന്നം പാലു മാത്രം കുടിക്കുന്നത് പോലെയാണ് അത്. തുടങ്ങിയ ഉദാഹരണങ്ങളിലൂടെ ശകുന്തള ദുഷ്ഷന്തനെ വിമർശന വിധേയനാക്കുന്നു.

✅ 29.  # തെക്കൻ കേരളത്തിൽ പ്രചാരത്തിലുള്ള നാടോടി നാടകമാണ് കാക്കാരിശ്ശി നാടകം. ഭൂമിയിൽ ജനജീവിതം തിന്മയിൽ മുങ്ങിയിരിക്കുകയാണ് എന്നും അതിന് പരിഹാരം കാണണമെന്നും നാരദൻ ശിവനോട് ആവശ്യപ്പെടുന്നു. അതിൻപ്രകാരം ശിവൻ കാക്കാലൻ ആയും പാർവതിയും ഗംഗയും കാക്കാലത്തിമാരായും ഭൂമിയിൽ എത്തുന്നു. കാക്കാലൻ ഇരുവരെയും പരിണയിക്കുന്നു. ഇവർ മൂവരും ചേർന്ന് സമൂഹത്തിലെ തിന്മകൾക്കെതിരെ പരിഹാസ രൂപത്തിൽ വിമർശനം നടത്തുന്നു.

# കാക്കാലത്തിമാർ തങ്ങളുടെ ആവശ്യം കാക്കാലനെ അറിയിക്കുന്നു. കാതിൽ ഇടാൻ കമ്മൽ, തീക്കനൽ പോലെ മിന്നുന്ന മൂക്കുത്തി, ആലിലപോലുള്ള ഞാത്ത്, മോതിരങ്ങൾ, കാൽവിരലുകൾക്കുള്ള മോതിരങ്ങൾ, ദന്ത ശോഭയ്ക്കായി പഞ്ച പൊടി, ചെപ്പടി കളിക്കാൻ ചെപ്പ്, തുടങ്ങിയ കാര്യങ്ങൾ ആവശ്യപ്പെടുന്നു. താൻ നേരത്തെ വാങ്ങി കൊടുത്തവ എവിടെ പോയി എന്ന് കാക്കാലൻ ചോദിക്കുന്നു. ഓരോന്നും എങ്ങനെ നഷ്ടപ്പെട്ടു എന്ന് കാക്കാലത്തിമാർ വിശദമാക്കുന്നു.

# കുടുംബത്തിനുള്ളിൽ ഭാര്യയുടെ അല്ലെങ്കിൽ സ്ത്രീയുടെ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നത് പുരുഷന്മാരാണെന്ന് സൂചനയുണ്ട്. മാത്രമല്ല കാക്കാലത്തി മാരുടെ ആഭരണങ്ങൾ നഷ്ടപ്പെട്ടതിനെ കുറിച്ച് തെല്ല് ദേഷ്യത്തോടെയാണ് കാക്കാൻ അന്വേഷിക്കുന്നത്.

✅ 30. # അറിവുകളും വിവരങ്ങളും തൽസമയം ഉറവിടത്തിൽ നിന്നുതന്നെ നമുക്ക് ലഭിക്കുന്നതിനും അവയോട് പ്രതികരിക്കുന്നതിനും സ്വതന്ത്രമായി അഭിപ്രായങ്ങൾ പറയുന്നതിലും നവ മാധ്യമങ്ങൾ നമ്മെ സഹായിക്കുന്നുണ്ട്. നിരന്തര സംവാദങ്ങൾ ജനാധിപത്യപ്രക്രിയയിൽ അനിവാര്യമാണ് അതിന് നവമാധ്യമങ്ങളിൽ വളരെ സാധ്യതയുണ്ട്. അതുകൊണ്ടാണ് ജനാധിപത്യത്തിൻറെ ഫിഫ്ത് എസ്റ്റേറ്റ് എന്ന വിളിപ്പേര് നവമാധ്യമങ്ങൾക്ക് ലഭിച്ചത്.

# ഇരുത്തംവന്ന ഭാഷ, എഡിറ്റിംഗ് എന്നിവയ്ക്ക് പ്രാധാന്യം ഇല്ലാത്തതുകൊണ്ടുതന്നെ ഏതു സാധാരണക്കാരനും നവ മാധ്യമങ്ങൾ വഴി സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാൻ കഴിയുന്നു. വാർത്തകൾ അധികാരികൾക്ക് ഒളിച്ചു വയ്ക്കാൻ കഴിയാത്ത അവസ്ഥ നവ മാധ്യമങ്ങളുടെ വരവോടെ കഴിഞ്ഞിട്ടുണ്ട്. ലോകമെമ്പാടുമുള്ള പ്രശ്നങ്ങളെ അവലോകനം ചെയ്യുന്നതിനും സ്വതന്ത്രമായി അഭിപ്രായം രേഖപ്പെടുത്തുന്നതിനും നവമാധ്യമങ്ങൾ സഹായിക്കുന്നു.

# ഇന്ത്യയിലെ കർഷക സമരം, അമേരിക്കയിലെ കറുത്ത വംശജനായ ജോർജ് ഫ്ലോയ്ഡ് ന്റെ കൊലപാതകം തുടങ്ങിയവയൊക്കെ ലോകം മുഴുവൻ ചർച്ച ചെയ്ത സംഭവങ്ങൾ ആണ് .

✅ 31. # ഓട്ടുപാറയിലെ പാട്ടുകാരൻ മൊയ്തുട്ടിക്ക് വയസ്സാംകാലത്ത് പിറന്ന വികൃത രൂപത്തിലുള്ള ചെക്കൻ. നാട്ടുകാർ പറഞ്ഞു രചിച്ചപ്പോൾ ഗർഭിണിയായ ഉമ്മയ്ക്ക് മാറി താമസിക്കേണ്ട ഗതികേട് ഉണ്ടായി. ബാപ്പയുടെ ലാളന അഞ്ചുവയസ്സുവരെ കിട്ടിയിട്ടുള്ളൂ. ഹൈദറിന്റെ തല കണ്ടപ്പളയ്ക്കും മൊയ്തുട്ടി പോയി എന്ന പഴി. ഒരു പാഴ്ജന്മം ആയിരുന്നു തന്റേത്. ആർക്കും വേണ്ടാത്തവനായി ജനിക്കുകയും വളരുകയും ചെയ്തു.

# നാലര ക്ലാസിൽ വച്ച് സ്കൂൾ വിദ്യാഭ്യാസം അവസാനിപ്പിച്ചു. തുടർന്ന് സംഗീതം പഠിക്കാൻ ആയിരുന്നു നിയോഗം. കലാമണ്ഡലത്തിൽ ചേരാൻ ഒത്താശ നൽകിയത് ശിവരാമൻ നായർ. വള്ളത്തോൾ, മുകുന്ദ രാജ, കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ, കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട് തുടങ്ങിയ പ്രഗൽഭർ പരിശോധിച്ച് ഹൈദറെ തിരഞ്ഞെടുത്തു. 2000 രൂപയുടെ ആൾ ജാമ്യം നിൽക്കാൻ ആളുണ്ടായില്ല. ഒടുവിൽ സിപി ആൻറണി ജാമ്യം നിന്നു അങ്ങനെ വൈകി ക്ലാസ്സിൽ ചേർന്നു.

# ക്ലാസിലും മെസ് ഹാളിലും ഒക്കെ മറ്റുള്ള കുട്ടികളിൽ നിന്ന് അവഗണന നേരിട്ടെങ്കിലും ഗുരുനാഥൻമാരുടെ പ്രിയശിഷ്യനായി ഹൈദരലി മാറി.

#  ഇപ്രകാരം അനേകം നിർഭാഗ്യങ്ങളോടൊപ്പം സംഭവിച്ച ഭാഗങ്ങളുടെ പേരിലാണ് ഞാൻ ഇന്നും ജീവിക്കുന്നത്.

✅ 32. # സ്ത്രീ ജീവിതത്തിന്റെ വൈവിധ്യങ്ങൾ കഥകളിൽ ആവിഷ്കരിച്ച എഴുത്തുകാരിയാണ് ഗ്രേസി. നഗരത്തിലെ ഒരു ആശുപത്രിയിൽ കഴിയുന്ന ഗൗളി ദമ്പതികളുടെ വീക്ഷണത്തിലാണ് കഥ പുരോഗമിക്കുന്നത്. അപകടത്തിൽപെട്ട് ആസന്ന മരണനായി കിടക്കുന്ന യുവാവും അയാളുടെ യുവതിയായ ഭാര്യയും ആണ് മറ്റ് കഥാപാത്രങ്ങൾ.

# ഡോക്ടർമാരുടെ ഈഗോ, ചികിത്സ എന്നിവയൊക്കെ കഥയിൽ ചർച്ചയാകുന്നുണ്ട്. ഡോക്ടർമാരുടെ ഈഗോ ആണ് യുവാവിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് കാരണം. ഈ സന്ദർഭത്തിൽ ആൺ ഗൗളി പൊൻകുന്നം വർക്കിയുടെ കിശോരലാൽ എന്ന കഥാപാത്രത്തെ കുറിച്ചും ബുദ്ധനെ കുറിച്ചും സംസാരിക്കുന്നുണ്ട്.

# മുജ്ജന്മത്തിൽ താൻ ഒരു കഥാകൃത്ത് ആയിരുന്നു എന്നും തന്റെ കഥകൾ മലയാളത്തിലെ മികച്ച കഥകളായിരുന്നു എന്നും അതുകൊണ്ടാണ് ഈ ജന്മത്തിൽ മേൽക്കൂര താങ്ങുന്ന ഗൗളിയായതെന്നും ആൺഗൗളി പറയുന്നു. മുജ്ജന്മത്തെ കുറിച്ച് ഒരു അറിവും ഇല്ലാതെ പെൺഗൗളി വിഷമിച്ചപ്പോൾ, അതിന് ബുദ്ധനെപ്പോലെ ബോധോദയം ഉണ്ടാവണമെന്ന് ആൺഗൗളി പറയുന്നു. കൊട്ടാരവും കിരീടവും കെട്ടിയ പെണ്ണിനെയും ഓമന പുത്രനെയും ഉപേക്ഷിച്ച് ധ്യാനത്തിൽ അമരാൻ പെണ്ണുങ്ങൾക്ക് സാധിക്കില്ല എന്ന് ആൺ ഗൗളി പറയുന്നു.

# മുറിയിൽ നിന്ന് കരച്ചിൽ ഉയരുമ്പോൾ ആ ഗൗളി പറയുന്നുണ്ട്; "ആ ചെറുപ്പക്കാരി അവളുടെ ഉദരത്തിലെ കുഞ്ഞിനെ വെളിച്ചം കാണിക്കില്ല. തീർച്ച. മറ്റൊരു ജീവിതം അവൾക്കായി കാത്തിരിക്കുന്നു."

ആൺ ഗൗളിയുടെ ഇപ്രകാരമുള്ള സംഭാഷണങ്ങൾ നിരീക്ഷിച്ചാൽ, മുൻവിധിയിലും അഹന്തയും അഭിരമിക്കുന്നവരുടെ പ്രതീകമാണ് ആൺ ഗൗളിയെന്ന് കാണാം.

🟥 33 മുതൽ 36 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. സ്കോർ 8 വീതം. 👉 🏵 പ്രധാന പോയിന്റുകൾ മാത്രമാണ് ഇവിടെ നൽകുന്നത്. ഉത്തരമെഴുതുമ്പോൾ ഇവ ഉൾപ്പെടുത്തേണ്ടതുണ്ട്.

✅ 33. *ഹൈദരലി എന്ന മാപ്പിളച്ചെക്കന് കലാമണ്ഡലത്തിൽ പ്രവേശനത്തിന് വഴി കാട്ടിയാവുന്നത് ശിവരാമൻ നായർ എന്ന ഹിന്ദുവാണ്.

+ അടുപ്പക്കാർ പോലും കയ്യൊഴിഞ്ഞപ്പോൾ 2000 രൂപയുടെ ബോണ്ട് കൊടുത്തത് സി.പി. ആന്റണി എന്ന ക്രിസ്ത്യാനിയാണ്.

* ഉണ്ടാകാവുന്ന പ്രശ്നങ്ങൾ അറിയാമായിരുന്നിട്ടും മണക്കുളത്ത് മുകുന്ദ രാജയും വള്ളത്തോളും ആ മാപ്പിളക്കുട്ടിയിലെ പ്രതിഭ തിരിച്ചറിഞ്ഞ് അവനെ കലാമണ്ഡലത്തിൽ ചേർത്തു.

* കൂട്ടുകാർ അകറ്റി നിർത്തിയപ്പോഴും കലാമണ്ഡലത്തിലെ ഗുരുക്കന്മാർ ഹൈദരലിയെ വലിയ പരിഗണയും സ്നേഹവും നൽകി പഠിപ്പിച്ചു.

* മതത്തിന്റെ പേരിൽ ക്ഷേത്രങ്ങളിൽ നിന്ന് അകറ്റി നിർത്തിയപ്പോഴും കേരളത്തിന്റെ കലാമനസ് ജാതി മത ഭേദമില്ലാതെ ഹൈദരാലി എന്ന പ്രതിഭാശാലിയെ നെഞ്ചേറ്റി.

ഈ ആശയങ്ങൾക്ക് പ്രാധാന്യം നൽകി വിശദീകരിക്കണം.

✅ 34. * ടി.പി. ശ്രീധരന്റെ ദിനചര്യകൾ കീഴ്മേൽ മറിയുന്നു.

* ഉണരുമ്പോൾ മുതൽ കമ്പ്യൂട്ടറും ഇന്റർനെറ്റും ദിനചര്യയിൽ സ്ഥാനം പിടിക്കുന്നു.

*വ്യക്തി ശുചിത്വവും ചിട്ടകളും അപ്രധാനമാകുന്നു.

* അച്ചടി മാധ്യമങ്ങളിൽ നിന്ന് സൈബർ മാധ്യമങ്ങളിലേക്ക് ചുവട് മാറുന്നു.

* ലക്ഷ്യമില്ലാതെ സൈബർ ഇടങ്ങളിൽ അലയുന്നത് ശീലമാക്കുന്നു.

ഈ ആശയങ്ങൾ വിശദമാകണം.

✅ 35. *കാട്ജിനെയുടെ സൗഭാഗ്യങ്ങൾ മാഡ്രിഡിൽ കുടിയേറേണ്ടിവന്നപ്പോൾ കുട്ടികൾക്ക് നഷ്ടമാവുന്നു.

* പ്രകാശം ജലം പോലെയാണ് എന്ന വാക്യത്തിന്റെ സാദ്ധ്യതയിൽ നിന്ന് കുട്ടികൾക്ക് പുതിയ ഭാവനാലോകം തുറന്ന് കിട്ടുന്നു.

* ഭാവന കൊണ്ട് കുടുസു ഫ്ലാറ്റിൽ കാഡ്ജിനെയുടെ സൗഭാഗ്യങ്ങൾ പുനഃസൃഷ്ടിക്കുന്നു.

* മൂന്ന് മാന്ത്രികരംഗ സൂചനകൾ .

ഭാവനാ സഞ്ചാരത്തിലൂടെ നഷ്ട സൗഭാഗ്യങ്ങൾ തിരികെപ്പിടിക്കുന്നു.

ഈ ആശയങ്ങൾ വ്യക്തമാക്കി വിശദീകരിക്കണം.

✅ 36. അവകാശങ്ങളുടെ പ്രശ്നം എന്ന കഥയുടെ വിവിധ വ്യാഖ്യാന സാദ്ധ്യതകളിൽ ഒന്ന്, ആധുനിക കമ്പോള സംസ്കാരത്തിന്റെ ചതിക്കുഴിയിൽ പെട്ടു പോകുന്ന നിസ്സഹായനായ മനുഷ്യന്റെ വ്യഥകളാണ്.

ഇത് സമർത്ഥിക്കാൻ വേണ്ട ആശയ സൂചനകൾ

* മരിച്ചവരുടെ ഛായാപടങ്ങൾ മാത്രം വിൽക്കുന്ന കടകൾ

* അത്തരം ആയിരക്കണക്കിന് കടകളുള്ള തെരുവ്

* ഒരുക്കലും അടയ്ക്കാത്ത കടകൾ

* അവിടത്തെ ഉല്പന്ന ധാരാളിത്തം, അതിൽ പതറിപ്പോകുന്ന ദിവാകരൻ

* കച്ചവടക്കാരുടെ നിർമമതയും ഏതെങ്കിലും പടം പോരേ എന്ന നിർദ്ദയമായ ചോദ്യവും

* വെളിച്ചത്തിന്റെ ചതിക്കുഴികൾ

*പടം തേടിവന്നവൻ പടമാകുന്ന വിഭ്രമാവസ്ഥ

ഈ ആശയങ്ങൾ വിശദീകരിച്ച് സമർത്ഥിക്കാനാവും

തയ്യാറാക്കിയത് :

അജയകുമാർ ബി , ഡോ അജിതകുമാരി ടി ആർ , വിജു എൽ എൻ , ബിലു വി ബി , സുജിലാറാണി വി എം , മനീഷ പി വി , ഉദയകുമാർ എസ്